തിരുവാണിയൂർ പി.എച്ച്.സി.-യിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ

110 (2238) ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവാണിയൂർ പഞ്ചായത്തിലെ തിരുവാണിയൂരിലുള്ള പി.എച്ച്സി-യിൽ എത്ര പേരെ കിടത്തി ചികിത്സിക്കാനുള്ള അനുമതിയുണ്ടെന്നും ഇവിടെ ഇപ്പോൾ എത്രപേരെ കിടത്തി ചികിത്സിക്കാനുള്ള സ്ഥല സൗകര്യങ്ങൾ ഉണ്ട് എന്നും എന്നു മുതൽ എന്നുവരെ എത്രപേരെ വീതം കിടത്തി ചികിത്സിച്ചുവെന്നും കിടത്തി ചികിത്സ നിറുത്തിയത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ;

(ബി) ഈ പി. എച്ച് സി-യിൽ കിടത്തി ചികിത്സ എന്നേക്ക് പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പി. എച്ച്.സി.-യിൽ ദിനംപ്രതി എത്രപേർ പുറത്തു നിന്നും വന്ന് ചികിത്സിച്ചുപോകുന്നുവെന്നും ഈ പി.എച്ച്.സി.-ക്ക് ഒരു വർഷം എത്ര രൂപയ്ക്ക് മരുന്നുകളും മറ്റ് സാമഗ്രികളുമാണ് വാങ്ങി നൽകുന്നതെന്നും ഇതു വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവാണിയൂർ പി.എച്ച്.സി.-യിൽ 10 കിടക്കയുടെ വാർഡാണ് അനുവദിച്ചിട്ടുള്ളത്. കിടത്തി ചികിത്സയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടേയും ജീവനക്കാരുടേയും അഭാവമാണ് ഇവിടെ കിടത്തി ചികിത്സ ആരംഭിക്കാൻ കഴിയാത്തതിന് കാരണം.

(ബി) ആവശ്യമായ ജീവനക്കാരും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് പരിശോധിക്കുന്നതാണ്.

(സി) ഇവിടെ ദിനംപ്രതി 140-ഓളം പേർ ചികിത്സയ്ക്കായി വരുന്നുണ്ട്. ഈ പി.എച്ച്.സി.-ക്ക് ഒരു വർഷം ഏകദേശം ഒന്നേകാൽ ലക്ഷം രൂപയുടെ മരുന്നും മറ്റ് സാമഗ്രികളും ലഭ്യമാക്കാറുണ്ട്. അധികമായി മരുന്നുകൾ ആവശ്യമായി വന്നാൽ അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കുമാരപുരം (കുന്നത്തുനാട്) പി.എച്ച്. സെന്ററിലെ കിടത്തി ചികിത്സ പുനരാരംഭിക്കാൻ നടപടി

111 (2239) ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമാരപുരം (കുന്നത്തുനാട്) പി.എച്ച്. സെന്ററിൽ എത്ര പേരെ കിടത്തി ചികിത്സിക്കാനാണ് അനുമതി ; എന്നാണ് ഈ അനുമതി നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly